**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5876**    **04.07.2019-ൽ മറുപടിയ്ക്ക്**

# പി.ഡബ്ല്യു.ഡി. ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | പി.ഡബ്ല്യു.ഡി. ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) | കയ്യേറ്റം നടന്ന സ്ഥലങ്ങളിൽ ഒഴിപ്പിക്കുന്നതിന് വേണ്ടി നോട്ടീസ് നൽകാറുണ്ട്. നോട്ടീസിന്റെ കാലാവധിയ്ക്ക് ശേഷവും ഒഴിഞ്ഞ് പോകാത്തവരെ റവന്യൂ, പോലീസ് അധികൃതരുടെ സഹായത്തോടെ ഒഴിപ്പിയ്ക്കുന്നതിന് പൊളിച്ച് മാറ്റൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കാറുണ്ട് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുവേണ്ടി ഇതിന്റെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനവും ആവശ്യപ്പെടാറുണ്ട്. |
| (ബി) | പൊതുമരാമത്ത് റോഡുകളുടെ ഇരുപുറവും കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടാൽ ഒഴിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ അതത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് എൻജിനീയർക്കോ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ അധികാരമുണ്ടോ; | (ബി) | ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 പ്രകാരം കൈയ്യേറ്റം ഒഴിപ്പിയ്ക്കുന്നതിനുള്ള അധികാരം ഓരോ ജില്ലകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. |
| (സി) | കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡുനിർമ്മാണവും ഗതാഗതവും സുഗമമാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. നടത്തിവരുന്ന നടപടികൾ വിജയകരമാണോ; പി.ഡബ്ല്യൂ.ഡി. യ്ക്ക് ഒഴിപ്പിക്കാൻ കഴിയാതെ | (സി) | ശരിയായി നടപ്പിലാക്കിയാൽ വിജയകരമാണ്. റവന്യൂ പോലീസ് വകുപ്പുകളുടെ സഹകരണത്തോടെയാണ് കൈയ്യേറ്റങ്ങൾ ഒഴിപ്പിയ്ക്കുന്നത്. ഒഴിപ്പിച്ചവർ വീണ്ടും കയ്യേറുമ്പോൾ തുടർനടപടി സ്വീകരിക്കുന്നില്ല. |

വരികയാണെങ്കിൽ എന്തെല്ലാം അനന്തര നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) കയ്യേറ്റം ഒഴിഞ്ഞുപോകാൻ നോട്ടീസ് നൽകിയിട്ടും ഒഴിയാതിരിക്കുകയും ഒരിക്കൽ ഒഴിവാക്കിയ സ്ഥലം വീണ്ടും കയ്യേറുകയും ചെയ്യുതായ സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ വർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) ഉണ്ട്. ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതാണ് കാരണം. ലോക്കൽ പോലീസ്, റവന്യൂ, എൽ.എസ്.ജി.ഡി എന്നിവർക്ക് പ്രാദേശിക ഘടകങ്ങളുടെ സഹായം കിട്ടാത്തതാണ് പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ അനാസ്ഥയ്ക്ക് കാരണം. പ്രാദേശിക സാമൂഹ്യ പ്രവർത്തകരും പലപ്പോഴും ഒഴിപ്പിക്കലിനെതിരേ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്നതിന് ശ്രമിച്ചിട്ടുണ്ട്. സമഗ്രമായ ഒരു നിയമമാണ് ആവശ്യം. ഹൈവേ പ്രൊട്ടക്ഷൻ ആക്ട്, റോഡ് സേഫ്റ്റി ആക്ട്, പൊതുമരാത്ത് വകുപ്പ് മാന്വൽ, പരിസ്ഥിതി നിയമങ്ങൾ, ഐ.പി.സി എന്നീ നിയമങ്ങൾ കണക്കിലെടുത്തുള്ള പുതിയ നിയമം കേരളത്തിൽ ആവശ്യമാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുമരമാത്ത് വകുപ്പ് റോഡുകൾ കയ്യേറി വാടകയ്ക്ക് വാഹനങ്ങൾ പാർക്ക് ചെയ്യും പണം ഈടാക്കാൻ സ്വകാര്യ വ്യക്തികളെ നിയമിച്ച് കടുത്ത നിയമ ലംഘനം നടത്തി വരുന്നു. ഇങ്ങനെ പിരിക്കുന്ന പണം മുഴുവൻ കോർപ്പറേഷൻ അക്കൗണ്ടിൽ ഇടുന്നുണ്ടോ എന്നറിയില്ല. പണത്തിന്റെ കണക്ക് നാളിതുവരെ റോഡിന്റെ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. അനുവാദവും വാങ്ങിയിട്ടില്ല. ഇത് അവസാനിപ്പിക്കാൻ ഔദ്യോഗികമായി പൊതുമരാമത്ത് വകുപ്പ് മന്ത്രി തന്നെ നിർദ്ദേശിച്ചിട്ടും അനുസരിച്ചിട്ടില്ല. കാരേജ് വേയിലെ രണ്ടു സൈഡിലും പണം വാങ്ങി കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം വാഹന പാർക്കിംഗ് നടത്തുന്നു.

ഇങ്ങനെ കേരളത്തിൽ വ്യാപകമായി നടക്കുന്ന നിയമ ലംഘനങ്ങളും കയ്യേറ്റങ്ങളും അവസാനിപ്പിക്കാൻ കർശന നിയമം വേണം.

സെക്ഷൻ ഓഫീസർ